# ALL INDIA RADIO, THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം
# NATIONAL BULLETIN

**DATE : 11.07.2026** **TIME : 07.25 PM**

## പ്രധാന വാർത്തകൾ

1. ആരോഗ്യകരമായ സംവാദം ജനാധിപത്യത്തിനു കരുത്തേകുമെന്ന് ഉപരാഷ്ട്രപതി സി പി രാധാകൃഷ്ണൻ.

   **Vice President C. P. Radhakrishnan says healthy dialogue strengthens democracy.**

2. ന്യൂസിലൻഡ് സന്ദർശനം പൂർത്തിയാക്കി പ്രധാനമന്ത്രി നരേന്ദ്ര മോദി ഇന്ത്യയിലേക്കു തിരിച്ചു; ഇരുരാജ്യങ്ങൾക്കുമിടയിലെ അവസരങ്ങളുടെ വലിയ സാധ്യത ഉപയോഗപ്പെടുത്താൻ പ്രതിജ്ഞാബദ്ധമെന്ന് പ്രധാനമന്ത്രി.

   **Prime Minister Narendra Modi departs to India after concluding his visit to New Zealand; says both countries are committed to harnessing the vast potential of bilateral opportunities.**

3. വിയറ്റ്നാമിൽ ഇന്ത്യൻ വിനോദസഞ്ചാരികൾ യാത്രചെയ്ത ബോട്ട് മറിഞ്ഞ് രണ്ട് മലയാളികൾ ഉൾപ്പെടെ 15 പേർ മരിച്ചു. മൃതദേഹങ്ങൾ എത്രയും വേഗം നാട്ടിലെത്തിക്കാൻ നടപടി സ്വീകരിക്കുമെന്ന് ഇന്ത്യൻ എംബസി.

   **Fifteen people, including two Keralites, killed after a tourist boat carrying Indian travellers capsizes in Vietnam; Indian Embassy says steps are being taken to bring the mortal remains home at the earliest.**

4. **വയനാട് കള്ളാടിയിലെ മണ്ണിടിച്ചിൽ സംബന്ധിച്ച് സമഗ്ര അന്വേഷണത്തിന് അഞ്ചംഗ വിദഗ്ധ സമിതിയെ നിയോഗിച്ച് കേരള സർക്കാർ.**

**Kerala Government constitutes a five-member expert committee to conduct a comprehensive inquiry into the landslide at Kalladi in Wayanad.**

5. **കേരളത്തിൽ ശക്തമായ മഴയ്ക്കും കാറ്റിനും സാധ്യത; കർണാടക തീരത്ത് ഇന്ന് മത്സ്യബന്ധനത്തിന് വിലക്ക്.**

**Heavy rain and strong winds likely over Kerala; fishing banned along the Karnataka coast today.**

6. **ലോകകപ്പ് ഫുട്ബോൾ ക്വാർട്ടർ ഫൈനലിൽ നാളെ പുലർച്ചെ നോർവെ, ഇംഗ്ലണ്ടിനെയും അർജന്റീന, സ്വിറ്റ്സർലൻഡിനെയും നേരിടും.**

**In the FIFA World Cup, Norway take on England and Argentina face Switzerland in the quarter-finals early tomorrow morning.**

**&&&&&&&&&&&&&&&**

## VP-GAYA- INTRO

ആരോഗ്യകരമായ സംവാദം ജനാധിപത്യത്തിനു കരുത്തേകുമെന്ന് ഉപരാഷ്ട്രപതി സി പി രാധാകൃഷ്ണൻ. ജനാധിപത്യത്തിൽ അഭിപ്രായവ്യത്യാസങ്ങൾ സ്വാഭാവികമാണെന്നും എന്നാൽ ഭരണഘടനയോടും പൊതുജനക്ഷേമത്തോടുമുള്ള പ്രതിജ്ഞാബദ്ധതയ്ക്കാണു മുൻതൂക്കം നൽകേണ്ടതെന്നും അദ്ദേഹം പറഞ്ഞു. 18-ാമത് ബിഹാർ നിയമസഭയിലെ അംഗങ്ങൾക്കായുള്ള ദ്വിദിന പരിശീലനപരിപാടി ഗയയിൽ ഉദ്ഘാടനം ചെയ്യുകയായിരുന്നു ഉപരാഷ്ട്രപതി. നിയമനിർമാണപ്രവർത്തനങ്ങൾ കാര്യക്ഷമവും സുതാര്യവുമാക്കുന്നതിന് നിർമിതബുദ്ധി പോലുള്ള

സാങ്കേതികവിദ്യകൾ കൂടുതൽ പ്രയോജനപ്പെടുത്തണമെന്നും അദ്ദേഹം പറഞ്ഞു.

(ഹോൾഡ് വോയിസ്)

&&&&&&&&&&&&&&&

## PM- NEW ZEALAND VISIT CONCLUDES

ന്യൂസിലൻഡിലെ രണ്ടു ദിവസത്തെ സന്ദർശനം പൂർത്തിയാക്കി പ്രധാനമന്ത്രി നരേന്ദ്ര മോദി ഇന്ത്യയിലേക്ക് തിരിച്ചു. സന്ദർശനത്തിനിടെ പ്രതിരോധം, വിനോദസഞ്ചാരം, കായികരംഗം, ദുരന്തനിവാരണം, മൃഗസംരക്ഷണം എന്നീ മേഖലകളിൽ സഹകരണത്തിനായുള്ള അഞ്ച് ധാരണാപത്രങ്ങളിൽ ഇരുരാജ്യങ്ങളും ഒപ്പുവച്ചു.

&&&&&&&&&&&&&&&

## PM-INDIAN DIASPORA- INTRO

സന്ദർശനത്തിന്റെ ഭാഗമായി ഓക്ക്‌ലൻഡിൽ ഇന്ത്യൻ സമൂഹത്തെ പ്രധാനമന്ത്രി അഭിസംബോധനചെയ്തു. ഇരുരാജ്യങ്ങൾക്കുമിടയിൽ അവസരങ്ങളുടെ വലിയ സാധ്യതയുണ്ടെന്നും അത് പ്രയോജനപ്പെടുത്താൻ പ്രതിജ്ഞാബദ്ധരാണെന്നും ശ്രീ മോദി പറഞ്ഞു.

(ഹോൾഡ് വോയിസ്)

ഇന്ത്യയുടെ വളരുന്ന ആഗോള നിലവാരത്തെയും ന്യൂസിലൻഡിന്റെ വികസനത്തിന് ഇന്ത്യൻ സമൂഹം നൽകിയ സംഭാവനയെയും ന്യൂസിലൻഡ് പ്രധാനമന്ത്രി ക്രിസ്റ്റഫർ ലക്സൺ, അഭിനന്ദിച്ചു.

&&&&&&&&&&&&&&&

## VIETNAM BOAT CAPSIZE

വിയറ്റ്നാമിൽ ഇന്ത്യൻ വിനോദസഞ്ചാരികൾ യാത്രചെയ്ത ബോട്ട് മറിഞ്ഞ് 2 മലയാളികളുൾപ്പെടെ 15 പേർ മരിച്ചു. കൊട്ടാരക്കര സ്വദേശികളായ എ. സി. തോമസ്, ഭാര്യ ലോവേനി തോമസ് എന്നിവരാണ് മരിച്ച മലയാളികൾ. ആകെ 32 വിനോദസഞ്ചാരികളും നാല് ജീവനക്കാരുമാണ് ബോട്ടിൽ ഉണ്ടായിരുന്നത്. ഹോ ചി മിൻ സിറ്റിയിലെ ഇന്ത്യൻ കോൺസുലേറ്റ് ജനറലിൽ കൺട്രോൾ റൂം സജ്ജീകരിച്ചിട്ടുണ്ട്. സംഭവത്തിൽ ഉപരാഷ്ട്രപതി സി പി രാധാകൃഷ്ണനും പ്രധാനമന്ത്രി നരേന്ദ്ര മോദിയും അനുശോചനം രേഖപ്പെടുത്തി. മൃതദേഹങ്ങൾ എത്രയും വേഗം നാട്ടിലെത്തിക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കണമെന്ന് ആവശ്യപ്പെട്ട് കൊടിക്കുന്നിൽ സുരേഷ് എം.പി വിയറ്റ്നാമിലെ ഇന്ത്യൻ അംബാസിഡറുമായി സംസാരിച്ചു. സത്വര നടപടി സ്വീകരിക്കുമെന്ന് അംബാസിഡർ അറിയിച്ചു.

&&&&&&&&&&&&&&&

## BRICS MEETING-NAGPUR

മഹാരാഷ്ട്രയിലെ നാഗ്പുരിൽ മൂന്നാമത് ബ്രിക്സ് ഗതാഗത മന്ത്രിമാരുടെ യോഗത്തിന് തുടക്കമായി. കേന്ദ്രമന്ത്രി നിതിൻ ഗഡ്കരി അധ്യക്ഷത വഹിച്ചു. ബദൽ ജൈവ ഇന്ധനങ്ങളുടെയും മലിനീകരണരഹിത സാങ്കേതികവിദ്യകളുടെയും സഹായത്തോടെ റോഡ്, റെയിൽ, വ്യോമയാന, ജലപാത ഗതാഗതത്തിൽ കാർബൺ ന്യൂട്രൽ സാധ്യമാക്കാനുള്ള ശ്രമങ്ങളെക്കുറിച്ച് പ്രതിനിധികൾ ചർച്ച ചെയ്തതായി ശ്രീ ഗഡ്കരി പറഞ്ഞു.

&&&&&&&&&&&&&&&

## SHAH-JAYPRAKASH NARAYAN LIBRARY

ലോക്നായക് ജയപ്രകാശ് നാരായണൻ രാജ്യത്തിനു ശ്രദ്ധേയ സംഭാവനകൾ നൽകിയ മഹാനായ സ്വാതന്ത്ര്യസമര സേനാനിയും ചിന്തകനും ദേശീയ നേതാവുമായിരുന്നെന്നു കേന്ദ്ര ആഭ്യന്തരമന്ത്രി അമിത് ഷാ. ന്യൂഡൽഹിയിൽ ജയപ്രകാശ് നാരായണൻ പബ്ലിക് ലൈബ്രറി ഉദ്ഘാടനംചെയ്യുകയായിരുന്നു അദ്ദേഹം. വ്യക്തിത്വം രൂപപ്പെടുത്തുന്നതിൽ ഗ്രന്ഥശാലകൾ പ്രധാന പങ്കു വഹിക്കുന്നതായും രാജ്യത്തെയും ജനങ്ങളെയും മനസ്സിലാക്കാൻ വായന അനിവാര്യമാണെന്നും കേന്ദ്രമന്ത്രി പറഞ്ഞു.

&&&&&&&&&&&&&&&&

## NADDA- POPULATION DAY

സുസ്ഥിര വികസനത്തിന്, സ്വമേധയാ ഉള്ള കുടുംബാസൂത്രണം, യുക്തിപരമായ തിരഞ്ഞെടുപ്പുകൾ, ആരോഗ്യകരമായ കുടുംബങ്ങൾ എന്നിവയുടെ പ്രാധാന്യം എടുത്തുകാട്ടുന്നതാണ് ലോക ജനസംഖ്യാദിനമെന്ന് കേന്ദ്രമന്ത്രി ജെ പി നഡ്ഡ. ഗർഭധാരണ ഇടവേള കൃത്യമായി പാലിക്കുന്നത്, മാതൃ-ശിശു ആരോഗ്യം മെച്ചപ്പെടുത്തുന്നതിന് അനിവാര്യമാണെന്നും അദ്ദേഹം സാമൂഹിക മാധ്യമത്തിൽ കുറിച്ചു.

&&&&&&&&&&&&&&&&

## MEGHWAL - MONSOON SESSION

പാർലമെന്റിന്റെ വർഷകാല സമ്മേളനം ഈ മാസം 20 ന് ആരംഭിക്കും. അടുത്തമാസം 13 വരെയാണു സമ്മേളനം. നിയമനിർമ്മാണ പ്രവർത്തനങ്ങൾ സംബന്ധിച്ച് സമഗ്ര അവലോകനം നടത്തിയതായി പാർലമെന്ററി കാര്യ സഹമന്ത്രി അർജുൻ റാം മേഘ്‌വാൾ അറിയിച്ചു.

&&&&&&&&&&&&&&&&

## CENSUS

സെൻസസ് 2027 ന്റെ ഭാഗമായുള്ള വിവരശേഖരണ പ്രവർത്തനങ്ങൾ കേരളത്തിൽ പുരോഗമിക്കുന്നു. എന്യൂമറേറ്റർമാരുടെ ഭവന സന്ദർശനം ഈ മാസം 30 വരെ തുടരും. വീടുകളുടെ സെൻസസും പട്ടികപ്പെടുത്തലുമാണ് ഈ ഘട്ടത്തിൽ നടക്കുന്നത്. അടുത്ത വർഷം ഫെബ്രുവരിയിലാണ് ജനസംഖ്യ കണക്കെടുപ്പ് നടക്കുക.

&&&&&&&&&&&&&&&

## INS MAHENDRAGIRI

ഇന്ത്യൻ നാവികസേനയുടെ അത്യാധുനിക യുദ്ധക്കപ്പലായ 'ഐ.എൻ.എസ് മഹേന്ദ്രഗിരി' രാജ്യരക്ഷാമന്ത്രി രാജ്നാഥ് സിംഗിന്റെ സാന്നിധ്യത്തിൽ വിശാഖപട്ടണത്ത് കമ്മീഷൻ ചെയ്തു. കപ്പൽ നിർമ്മാണ രംഗത്ത് ഇന്ത്യ കൈവരിക്കുന്ന സ്വയംപര്യാപ്തതയുടെ പ്രതീകമാണ് മഹേന്ദ്രഗിരിയെന്ന് ശ്രീ രാജ്നാഥ്സിംഗ് വിശേഷിപ്പിച്ചു.

&&&&&&&&&&&&&&&

## WAYANAD

വയനാട്ടിൽ കള്ളാടി തുരങ്ക നിർമാണ പ്രദേശത്തെ മണ്ണിടിച്ചിൽ സംബന്ധിച്ച് സമഗ്ര അന്വേഷണം നടത്താൻ കേരള സർക്കാർ അഞ്ചംഗ വിദഗ്ധ സമിതിയെ നിയോഗിച്ചു. ഭൗമ ശാസ്ത്രജ്ഞൻ ഡോ. സി. പി രാജേന്ദ്രനാണ് സമിതി അധ്യക്ഷൻ. ഒരു മാസത്തിനകം സമിതി റിപ്പോർട്ട് സമർപ്പിക്കും.

&&&&&&&&&&&&&&&

## IMD KERALA

കേരളത്തിൽ ഇന്ന് വിവിധയിടങ്ങളിൽ ഇടിമിന്നലോടു കൂടിയ മഴയ്ക്കും ശക്തമായ കാറ്റിനും സാധ്യതയെന്ന് കേന്ദ്ര കാലാവസ്ഥ വകുപ്പ്. കർണാടക തീരത്ത് ഇന്ന് മത്സ്യബന്ധനത്തിന് വിലക്കേർപ്പെടുത്തി.

**&&&&&&&&&&&&&&&**

## TYPHOON BAVI

ബാവി ചുഴലിക്കാറ്റിന്റെ പശ്ചാത്തലത്തിൽ ആറു ലക്ഷം പേരെ വീടുകളിൽനിന്ന് ഒഴിപ്പിച്ച് ചൈന. കിഴക്കൻ ഷെജിയാങ് പ്രവിശ്യയിൽനിന്നും ഫുജിയാനിൽനിന്നുമാണ് ജനങ്ങളെ ഒഴിപ്പിച്ചത്. മണിക്കൂറിൽ 144 കിലോമീറ്റർ വേഗതയിൽ വീശുന്ന ചുഴലിക്കാറ്റ് നാളെ പുലർച്ചെ ഷെജിയാങ് പ്രവിശ്യയിൽ കര തൊടുമെന്നാണു റിപ്പോർട്ട്. നൂറുകണക്കിന് വിമാന സർവീസുകൾ റദ്ദാക്കുകയും ട്രെയിൻ സർവീസുകൾ വെട്ടിക്കുറയ്ക്കുകയും ചെയ്തു.

**&&&&&&&&&&&&&&&**

## FIFA WORLDCUP-INTRO

ലോകകപ്പ് ഫുട്ബോൾ ക്വാർട്ടർ ഫൈനലിൽ നോർവെ, ഇംഗ്ലണ്ടിനെയും അർജന്റീന, സ്വിറ്റ്സർലൻഡിനെയും നേരിടും. ഇന്ത്യൻ സമയം പുലർച്ചെ 2.30നാണ് നോർവേ - ഇംഗ്ലണ്ട് പോരാട്ടം. നാളെ രാവിലെ 6.30നാണ് അർജന്റീന-സ്വിറ്റ്സർലൻഡ് മത്സരം. വിജയികൾ സെമിഫൈനലിൽ ഏറ്റുമുട്ടും. സ്പെയിനും ഫ്രാൻസും ഇതിനകം സെമി ഫൈനലിൽ പ്രവേശിച്ചു.

**വിശദാംശ ങ്ങളുമായി ആകാശവാണി പ്രതിനിധി സുരേഷ് ബാബു....**

(ഹോൾഡ് വോയിസ്)

&&&&&&&&&&&&&&&

## WIMBLEDON

വിംബിൾഡൺ ടെന്നീസ് വനിതാ സിംഗിൾസ് ഫൈനലിൽ ഇന്ന്, ചെക്കിയ താരങ്ങളായ കരോലിനാ മുഹോവയും ലിൻഡാ നൊസ്കോവയും ഏറ്റുമുട്ടും. രാത്രി 8.30 നാണ് മത്സരം.

&&&&&&&&&&&&&&&

## WOMENS CRICKET -TEST

ഇന്ത്യ-ഇംഗ്ലണ്ട് വനിതാ ക്രിക്കറ്റ് ടെസ്റ്റിന്റെ രണ്ടാം ദിനം ഒടുവിൽ വിവരം ലഭിക്കുമ്പോൾ ഇംഗ്ലണ്ട് 9 വിക്കറ്റിന് 170 റൺസ് എന്ന നിലയിൽ. ആദ്യം ബാറ്റ് ചെയ്ത ഇന്ത്യ 285 റൺസിന് പുറത്തായിരുന്നു. ലോർഡ്സിലാണ് മത്സരം.

&&&&&&&&&&&&&&&

## ARCHERY

സ്പെയിനിലെ മാഡ്രിഡിൽ നടക്കുന്ന അമ്പെയ്ത്ത് ലോകകപ്പിൽ നാലാം ഘട്ടമത്സരത്തിൽ ഇന്ത്യൻ വനിതാ ടീമിന് വെള്ളി. ഇന്ന് നടന്ന ഫൈനലിൽ കൊളംബിയയോട് 228-232 എന്ന സ്കോറിനാണ് ഇന്ത്യൻ സംഘം പരാജയപ്പെട്ടത്. ടൂർണമെന്റിൽ ഇന്ത്യയുടെ ആദ്യ മെഡലാണിത്.

&&&&&&&&&&&&&&&

## T-20 CRICKET

ഇംഗ്ലണ്ട്- ഇന്ത്യ പുരുഷ ടി-20 പരമ്പരയിലെ അഞ്ചാം മത്സരം സതാംപ്ടണിൽ പുരോഗമിക്കുന്നു. ടോസ് നേടിയ ഇന്ത്യ ബൗളിങ് തെരഞ്ഞെടുത്തു.

&&&&&&&&&&&&&&&

## MFME - 2 LAKH LOANS

പ്രധാനമന്ത്രിയുടെ സൂക്ഷ്മ ഭക്ഷ്യ സംസ്കരണ സംരംഭ പദ്ധതിക്കു കീഴിൽ രാജ്യത്ത് രണ്ട് ലക്ഷത്തിലധികം സംരംഭങ്ങൾക്ക് വായ്പ അനുവദിച്ചതായി ഭക്ഷ്യസംസ്കരണ മന്ത്രി ചിരാഗ് പസ്വാൻ. പദ്ധതിയുടെ ആകെ ഗുണഭോക്താക്കളിൽ 44 ശതമാനവും വനിതാ സംരംഭകരാണെന്നും മന്ത്രി വ്യക്തമാക്കി.

&&&&&&&&&&&&&&&

## ONAM - RAILWAY

ഓണാഘോഷവേളയിൽ യാത്രത്തിരക്കു കുറയ്ക്കാൻ മൂന്നു പ്രത്യേക ട്രെയിനുകൾകൂടി അനുവദിച്ച് റെയിൽവേ. തിരുവനന്തപുരം നോർത്ത്-മംഗളൂരു, ചെന്നൈ-കൊല്ലം, ബെംഗളൂരു-എറണാകുളം ട്രെയിനുകളാണ് അനുവദിച്ചത്. ടിക്കറ്റ് ബുക്കിങ് ആരംഭിച്ചു.

&&&&&&&&&&&&&&&

&&&&&&&&&&

&&&